# വിപശ്യന പത്രിക

വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്

**Vol . 8, No.** 2 : ഫെബ്രുവരി 2016 — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര


### *ധർമ്മ വാണി*

| | |
|---|---|
| *ധന്യ ഭാഗ് സാബുൻ മിലീ,* | ധന്യമായി സോപ്പും കിട്ടി, |
| *നിർമൽ പായാ നീർ,* | നിർമ്മലമായ ജലവും ലഭിച്ചു, |
| *ആവൊ ധോയേ സ്വയം ഹി,* | വരുവിൻ കഴുകുക സ്വയമേവ, |
| *മൻ കേ മൈലെ ചീർ.* | മനമാം മലിന വസ്ത്രങ്ങൾ. |

– **എസ. എൻ. ഗോയങ്ക**

# സഹിഷ്ണുതയുടെ പാരമി വളരട്ടെ

**എസ. എൺ. ഗോയങ്ക**

പാരമി അഥവാ പാരമിത പരിപൂർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. ബോധിസത്ത്വനെ സംബോധി പ്രാപിക്കുന്നതിനുള്ള സാമർത്ഥ്യം പ്രദാനം ചെയ്യുന്ന സദ്ഗുണങ്ങളുടെ പരിപൂർണ്ണത. ഏതു മനുഷ്യനെയും ഭവസാഗരം മറികിടക്കാൻ സഹായി സിദ്ധമാകുന്നത്. പത്തു പാരമിതകളിൽ സഹിഷ്ണുത അതായത് സഹനശക്തി, ഇതിന് വിശിഷ്ടമായ സ്ഥാനമുണ്ട്. ഭവസാഗരത്തിലെ പ്രഹരിക്കുന്ന തീവ്രമായ തരംഗങ്ങളെ ധർമ്മ-ധൈര്യത്തോടെ സഹിക്കുക – അപ്രിയത്തിൽ അപ്രിയമായ ഹൃദയത്തിൽ തട്ടുന്ന സംഭവങ്ങളുടെ സംയോഗത്തിലും മനസ്സ് വിചിലിതമാകാതെ നോക്കുക, പ്രിയത്തിൽ പ്രിയമായവരുടെ വിയോഗത്തിലും അകത്തോടകത്ത് സമനില നില നിറുത്തുക – ഇതു തന്നേയാണ് സഹിഷ്ണുതയെന്ന പാരമിയെ പുഷ്ടിപ്പെടുത്തൽ.

**പുത്ര വിയോഗം** ഭവ-സംസരണത്തിൻറെ ഒരു ജീവിതത്തിൽ ബോധിസത്ത്വൻ കാശിയിൽ ഒരു ബ്രാഹ്മണ കുലത്തിൽ ജനിച്ചു. വലുതായി തൻറെ കുടുമ്പത്തിൻറെ പ്രമുഖനായി. അവരുടെ കൂടെ അവരുടെ ഭാര്യാ, ഒരു യുവാവായ പുത്രൻ, യുവാ മരുമകൾ, ഒരു യുവാ പുത്രിയും, ദാസിയും ഉണ്ടായിരുന്നു. അങ്ങിനെ ആറു ജനങ്ങളുടെ സുഖമായി കഴിയുന്ന കുടുമ്പമായിരുന്നു. കുടുമ്പം പുലർത്തുന്നതിനായി ബോധിസത്ത്വൻ പട്ടനത്തിൻറെ പുറത്ത് ഗ്രാമത്തിൽ കൃഷിപ്പണി ചെയ്യുമായിരുന്നു. അതിൽ അവരുടെ യുവാ പുത്രൻ സഹായത്തിന് കൂടുമായിരുന്നു.

എപ്പോഴും പോലെ ഒരു ദിവസം അവർ അവരുടെ പാടത്ത് പണിയെടുക്കുകയായിരുന്നു. സ്വയം ഉഴുതു മറിക്കുന്നതിൽ വ്യഗ്രനായിരുന്നു. യുവാ പുത്രൻ പാടത്തെ ചവറുകളെ ശേകരിച്ച് കത്തിക്കുന്ന പണിയിൽ മുഴുകിയിരുന്നു. ഇതിനിടയിൽ ചവറുകളുടെ കൂമ്പാരത്തിൽ നിന്ന് ഒരു ക്രുദ്ധമായ സർപ്പം പുറത്തു വന്ന് പുത്രനെ കടിച്ചു. കുറച്ചു നേരത്തിനകം പാമ്പു വിഷം ശരീരമാസകലം കയറിപ്പറ്റി. കൃഷിക്കാരൻറെ മകൻ ബോധം കെട്ട് അവിടെത്തന്നെ വീണു. ബോധിസത്ത്വൻ ദൂരത്ത് നിന്ന് മകനെ വീഴുന്നത് കണ്ട് അടുത്തെത്തി പക്ഷെ അതിനകം പുത്രൻറെ പ്രാണവായു പോയിരുന്നു. ബോധിസത്ത്വൻ മൃതശരീരത്തെ എടുത്ത് സമീപമുള്ള ഒരു മരത്തിൻറെ തണലിൽ കിടത്തി ഒരു തുണികൊണ്ട് മൂടി. വ്യാകുലനാകാതെ വീണ്ടും ഉഴുതു പണിയിലേർപ്പെട്ടു.

കുറച്ചു നേരത്തിനു ശേഷം അടുത്തുള്ള നടപ്പാതയിലൂടെ ഒരു കൃഷിക്കാരനെ പട്ടണത്തിലേക്ക് പോകുന്നതായി കണ്ടു. ബോധിസത്ത്വൻ അവരോട് ഭാര്യക്കൊരു വിവരം നൽകാനായി അഭ്യർത്തിച്ചു. വിവരം ഇതുതന്നെയായിരുന്നു – വീട്ടിലെ ദാസി നിത്യം ഉച്ചതിരിഞ്ഞ് പിതാവിനും-പുത്രനും വേണ്ടി ആഹാരമായി എത്തുന്നത് ഇന്ന് കേവലം ഒരാളുടെ ആഹാരമായി വരട്ടെ. ദിവസെന ദാസി തനിച്ചു ആഹാരമായി എത്തുമായിരുന്നു, എന്നാൽ ഇന്ന് വീട്ടിലെ സകല സദസ്യരും വൃത്തിയായ വസ്ത്രങ്ങൾ ധരിച്ച് ഒപ്പം സുഗന്ധപുഷ്പങ്ങളുമായി വരട്ടെ.

സഞ്ചാരിയിൽനിന്ന് ഈ വിവരം കിട്ടിയ ഉടനെ ബ്രാഹ്മണിക്ക് കാര്യം മനസ്സിലായി – പുത്രൻ ജീവിച്ചിരിപ്പില്ല, പക്ഷെ ഈ ദുഖ വാർത്ത കേട്ട് ബ്രാഹ്മണി വിചിലിതമായില്ല. കുടുമ്പത്തിലെ നാലു പേരും അവിചിലിതമായിരുന്നു. ബോധി സത്ത്വൻറെ ആദേശമനുസരിച്ച് പാടത്തിലേക്ക് പുറപ്പെട്ടു. അവരാരും തന്നെ കരയുകയൊ, അലറുകയൊ, വിലാപിക്കുകയൊ ചെയ്തില്ല.

ബോധിസത്ത്വൻ ഓരോ ജീവിതത്തിലും ധർമ്മപരമായ ജീവിതം നയിച്ചുകൊണ്ട് ഏതെങ്കിലും പാരമി പുഷ്ടിപ്പെടുത്താറുണ്ട്. അവർ കേവലം സ്വയം ധർമ്മപരമായ ജീവിതം നയിച്ചിരുന്നുപോകാറില്ല എന്നാൽ തൻറെ സ്വജന-പരിജനവും, മിത്ര്വും-ബന്ധുവിനും ധർമ്മപരമായ ജീവിതം ജീവിക്കാനുള്ള ശിക്ഷ നൽകാറുമുണ്ട്.

ഭാവിയിൽ സ്വയം സമ്യക് സംബുദ്ധനായിട്ട് ജനക്കൂട്ടത്തിന് ശുദ്ധ ധർമ്മത്തിൻറെ മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് ഭവ-മുക്തിയിലേക്ക് പുരോഗമിക്കാനായിട്ട് ഉചിതമായ നിർദേശം കൊടുക്കാനുണ്ട്. ആയതിനാൽ ഓരോ ജീവിതത്തിലും അത്യന്തം മൈത്രിനിറഞ്ഞ മനസ്സോടെ ധർമ്മ-ദേശന നൽകാനുള്ള സാമർത്ഥ്യം വർദ്ധിപ്പിക്കാറുണ്ട്. ആയതിനാൽ ബോധിസത്ത്വൻ തൻറെ മുഴുവൻ കുടുമ്പത്തിനോടുള്ള ഗൃഹസ്ഥൻറെ ഉത്തരവാദിത്വം നിപുണതയോടെ നിറവേറ്റി ശുദ്ധ ധർമ്മത്തിൽ പത്രിഷ്ഠിതമാകാനുള്ള നിത്യോപദേശം കൊടുത്തും, സ്വയം ധർമ്മപരമായ ജീവിതം നയിച്ചും എല്ലാവർക്കും പേര്രണ പ്രദാനം ചെയ്യുന്ന ആദർശം പ്രസ്തുതമാക്കാറുണ്ട്. അവർ അവരുടെ കുടുമ്പാങ്കങ്ങൾക്ക് ശീല പാലനം ചെയ്യാനുള്ള ശിക്ഷയാണ് കൊടുത്തത്. പ്രസന്ന മനസ്സോടെ ശക്തി അനുസരിച്ച് ദാനം കൊടുക്കുക. സാധന ചെയ്തുകൊണ്ട് മനസ്സിനെ വശത്താക്കി, ഉദയ-വ്യയത്തിൻറെ ബോധം ഉണർത്തി മനസ്സിനെ നിർമ്മലമാക്കികൊണ്ട് പോകുക. സമയാസമയം മരണാനുസ്മൃതിയുടെ ഭാവന(സാധന) സബലമാക്കിക്കൊണ്ട് നിസർഗ്ഗ നിയമത്തിൻറെ ഈ നിയമത്തെ മനസ്സിലാക്കിക്കൊണ്ടിരിക്കുക – ഏതൊന്ന് ജന്മം എടുക്കുന്നുവൊ അത് ഇന്നോ-നാളെയൊ മൃത്യു പ്രാപിക്കുകതന്നെ ചെയ്യും. മൃത്യുവിൻറെ കെണിയിൽ നിന്ന് ഒരു പ്രാണിയും രക്ഷപ്പെടാൻ സാധ്യമല്ല. ബോധിസത്ത്വൻ സ്വയം മരണാനുസ്മൃതിയിൽ നിപുണനായിരുന്നു, തൻറെ കുടുമ്പാങ്കങ്ങളെയും ഇതിൽ പാകപ്പെടുത്തിയിരുന്നു.

കുടുമ്പത്തിലെ നാലു പേരും വീട്ടിൽനിന്ന് പാടത്തേക്ക് വരുമ്പോൾ ഏതു കാര്യത്തിൻറെ ആശങ്കയുണ്ടായിരുന്നുവൊ അത് തന്നെ കൺമുമ്പിൽ കണ്ടു. എന്നാൽ യുവാ പുത്രൻറെ മൃതശരീരം കണ്ട് ആരും കരയുകയൊ നെഞ്ചടിച്ച് വിലാപിക്കുകയൊ ചെയ്തില്ല. എല്ലാവരും ചിതക്കുവേണ്ടി അടുത്തുള്ള ഉണക്ക വടികൾ തിരയാൻ തുടങ്ങി. കുറച്ചു സമയത്തിനകം ചിത തയ്യാറായി. എല്ലാവരും കൂടി മൃത ശരീരത്തെ ചിതക്കു മേലെ കിടത്തി. തൻറെ കൂടെ കൊണ്ടുവന്ന സുഗന്ധ പുഷ്പങ്ങളെ ആ ചിതയിൽ അർപ്പിച്ച് ചിതയിൽ തീ വെച്ച് എല്ലാവരും ഒരു ഭാഗത്ത് അതിനു സമീപം ഇരുന്നു. ഒരാൾ ഈ സംഭവങ്ങളെയൊക്കെ കാണുകയായിരുന്നു. എല്ലാം കണ്ട് വിസ്മയം നിറഞ്ഞു വന്നു. അടുത്തു വന്ന് കൃഷിക്കാരനോട് സംസാരിക്കാൻ ആരംഭിച്ചു.

അവർ ചോദിച്ചു –

"എന്താ വല്ല പശുവിനെയാണ് കത്തിക്കുന്നത്"?

"അല്ല, ഇത് പശു അല്ല, മൃത മനുഷ്യശരീരമാണ് ഞങ്ങൾ കത്തിക്കുന്നത്."

"അപ്പോൾ ഇതു നിങ്ങളുടെ വല്ല ശത്രുയായിരിക്കാം?"

"ശത്രു അല്ല, എൻറെ ഏക മകനാണ്."

"എന്താ നിങ്ങളുടെ മകനുമായ സംബന്ധം ചീത്തയായിരുന്നുവൊ?"

"അല്ലയോ അല്ല, ഇതെൻറെ അതി പ്രിയങ്കരനായ മകനായിരുന്നു."

"അപ്പോൾ ഈ അതി പ്രിയങ്കരനായ മകനെ നഷ്ടമായതിൽ നിങ്ങളെന്തുകൊണ്ട് കരയുന്നില്ല? വിലാപമെന്തുകൊണ്ടില്ല?"

"ആരു നഷ്ടപ്പെട്ടൊ അവർ നഷ്ടപ്പെട്ടു. ഒരു സർപ്പം അതിൻറെ തോല് തെജിച്ചു പോകുന്നതുപോലെ തന്നെ ഇവരും അവരുടെ ശരീരം ഉപേക്ഷിച്ചു പോയി. ഇനി വിലപിച്ചിട്ട് എന്തു പ്രയോജനം?വിലപിച്ചാൽ തിരിച്ചു വരാൻ പോകുന്നില്ലല്ലൊ?"

ഇതേ പ്രശ്നം അയാൾ മൃത യുവാവിൻറെ അമ്മയോട് ചോദിച്ചു–

"പിതാവ് നെഞ്ചുറപ്പുള്ളവനാകാം എന്നാൽ നിങ്ങളൊ, ഒമ്പതു മാസങ്ങൾ വയറ്റിൽ ചുമന്ന് ജന്മം കൊടുത്തവൾ, മുലപ്പാൽ ഊട്ടി വളർത്തിയ അമ്മയാണ്. അമ്മയുടെ ഹൃദയം വളരെ മൃദുവായിരിക്കും. ഏക മനനെ നഷ്ടമായതിൽ നിങ്ങളെന്തുകൊണ്ട് കരയുന്നില്ല?"

ഇതേ പ്രക്രാരം മരിച്ചവൻറെ ഭാര്യയോടും പ്രശ്നം ചോദിച്ചു –

"നിങ്ങളുടെ എല്ലാം എല്ലാം തന്നെ നഷ്ടപ്പെട്ടു. ഈ ചെറുപ്പത്തിൽ തന്നെ നിങ്ങളുടെ ഭർത്താവ് നിങ്ങൾക്ക് നഷ്ടമായി, എന്നാലും നിങ്ങളെന്തുകൊണ്ട് കരയുന്നില്ല?"

ഇതേ പ്രശ്നം മരിച്ചവൻറെ സഹോദരിയോട് ചോദിച്ചു –

"സഹോദരിക്ക് സഹോദരൻ ഏറ്റവും പ്രിയ പ്പെട്ടവനാണ്. നീ എന്തു സഹോദരിയാണ്, ഇത്ര നല്ല സഹോദരനെ നഷ്ടമായതിൽ കരയുന്നില്ല."

അതു കഴിഞ്ഞ് വീട്ടിലെ ദാസിയോട് ചോദിച്ചു –

"മരിച്ചവൻ തീർച്ചയായും നിന്നോട് തികച്ച വെറുപ്പോടെ പെരുമാറിയിരിക്കാം. ആയതിനാൽ നീ അവൻറെ മരണത്തിൽ ദുഖിതയല്ല."

ദാസി പറഞ്ഞു – "അവൻ വീട്ടിലെ ഓമനയായിരുന്നു, വളരെ മൃദുഭാഷിയായിരുന്നു, എല്ലാവരുടേയും പ്രിയങ്കരൻ. വളരെ യോഗ്യൻ." – എന്നാലും ആരും കരഞ്ഞില്ല.

എല്ലാവരുടേയും ഉത്തരം ഇതുതന്നേയായിരുന്നു – "കരഞ്ഞിട്ട് ആർക്ക് എന്തു പ്രയോജനം? അവൻ ആരുടേയും വിളി കേട്ട് വന്നതല്ല, ആരുടേയും അനുവാദം കൂടാതെ പോയി. ലോകത്തിൽ ജീവിതമനിശ്ചിതമാണ് എന്നാൽ എല്ലാവരുടേയും മരണം നിശ്ചിതമാണ്. തൻറെ കർമ്മത്തിനനുസരിച്ച് പ്രാണികൾ വരുന്നു, കർമ്മത്തിനനുസരിച്ച് അവർ പോകുന്നു."

**യഥാ ഗതൊ തഥാഗതൊ, തത്ഥ കാ പരിദേവന**

- എങ്ങിനെ വന്നുവൊ അങ്ങിനെ പോകുകയും ചെയ്തു. ഇതിൽ എന്തിനു കരയലും നെഞ്ചടിക്കലും.

"പോകണ്ടവർ പോയി. ഈ ചിതയിൽ എരിയുന്ന നിഷ്പ്രാണ ശരീരത്തിനെങ്ങിനെ അറിയും – ഞങ്ങളവർക്കുവേണ്ടി കരയുകയാണെന്ന്. കരഞ്ഞിട്ട് ഞങ്ങൾ ഞങ്ങളുടെ മംഗളം നേടുന്നില്ല, മറ്റുള്ളവർക്കു വേണ്ടിയും മംഗളം നേടുന്നില്ല. കരഞ്ഞാൽ നമ്മൾ സ്വയം ദുഖിതരാകും, മറ്റുള്ളവരേയും ദുഖിപ്പിക്കും."

**തസ്മാ ഏതം ന സോചാമി,**

**ഗതൊ സൊ തസ്സയാ ഗതി.**

- പോകുന്നവൻ അവൻറെ കർമ്മത്തിനനുസരിച്ച് അവൻറെ എന്തു ഗതിയൊ അവിടേക്ക് പോയി. ഇതിൽ ഞങ്ങൾ ശോകപ്പെടാറില്ല.

ഇപ്രകാരം ബോധിസത്ത്വൻ ഈ ജീവിതത്തിൽ സ്വയം തൻറെ ക്ഷാന്തി(സഹിഷ്ണുത) പാരമി പുഷ്ടിപ്പെടുത്തി എന്നാൽ അവരവരുടെ ക്ഷാന്തി പാരമി പുഷ്ടിപ്പെടുത്തുവാൻ പരിജനങ്ങളേയും സഹായിച്ചു. ....തുടരും